## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2089** **08.03.2018 ൽ മറുപടിയ്ക്ക്**

### അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) 140 നിയമസഭാ മണ്ഡലങ്ങളിൽ ഓരോ അക്ഷയ ഊർജ്ജ സേവനകേന്ദ്രം ആരംഭിക്കുന്ന സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെയാണ് (CMD) അനെർട്ട് ചുമതലപ്പെടുത്തിയിരുന്നത്. ഇതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പത്രപരസ്യം നൽകിയിരുന്നു. 1545 അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകൾ വിലയിരുത്തുന്ന നടപടി പുരോഗമിക്കുകയാണ്. യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് മാർച്ച് രണ്ടാവാരം CMD പ്രസിദ്ധീകരിക്കുന്നതാണ്. യോഗ്യരായവരെ മേഖലാടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കുകയും, തുടർന്ന് അവരുടെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അർഹതയുള്ള സംരംഭകനെ തെരഞ്ഞെടുക്കുന്നതുമാണ്. |
| (ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ഏത് കേന്ദ്രത്തിലാണ് അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; അതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (ബി) ഒറ്റപ്പാലം മണ്ഡലത്തിൽ 17 അപേക്ഷകളാണ് ഓൺലൈനായി CMDയ്ക്ക് ലഭിച്ചത്. അക്ഷയ ഊർജ്ജ സേവനകേന്ദ്രം ആരംഭിക്കുന്നതിന് താത്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിന് പത്ര പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചിരുന്നു. 2018 ജനുവരി 16 ആയിരുന്നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. ഒറ്റപ്പാലം മണ്ഡലത്തിൽ സംരംഭം തുടങ്ങുവാൻ അപേക്ഷ സമർപ്പിച്ച 17 പേരിൽ നിന്ന് യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് മാർച്ച് രണ്ടാം വാരം CMD പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ അഭിമുഖത്തിനായി ക്ഷണിക്കുകയും തുടർന്ന് അവരുടെ ഭൗതിക സൗകര്യം കൂടി വിലയിരുത്തി അന്തിമമമായി സംരംഭകനെ തെരഞ്ഞെടുക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ